# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2397**

09.03.2018-ലെ മറുപടി

### വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കൾക്ക് നൽകുന്ന വാട്ടർ മീറ്റർ പലയിടങ്ങളിലും ഉടൻ തന്നെ കേടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) ഇത്തരത്തിൽ മീറ്ററുകൾ കേടാകുന്നതിനാൽ ഉപഭോക്താക്കൾക്ക് ഒട്ടേറെ പ്രയാസം അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(സി) വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ഒരു നിശ്ചിത കാലം വരെയെങ്കിലും വാട്ടർ മീറ്ററിന് വാറണ്ടി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി) കേരളാ വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റി വാട്ടർ മീറ്ററുകൾ നിർമ്മിച്ച് നൽകുന്നില്ല. ഉപഭോക്താക്കൾ വാങ്ങി നൽകുന്ന മീറ്ററുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് സർട്ടിഫൈ ചെയ്ത സ്ഥാപിക്കേണ്ടതാണ് എന്ന് വാട്ടർ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേടാകുന്ന മീറ്ററുകൾ ഗ്യാരന്റീ പിരീഡിന് ഉള്ളിലാണെങ്കിൽ പുതിയ മീറ്ററുകൾ അതാത് കമ്പനികളാണ് മാറ്റി നൽകേണ്ടത്. ഗ്യാരന്റി പീരീഡ് കഴിഞ്ഞ ഉടൻ തന്നെ മീറ്ററുകൾ കേടാകുന്നതായി അപൂർവ്വം ചില കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട് ഈ അവസരങ്ങളിൽ ഉപഭോക്താവിന് പുതിയ മീറ്റർ വാങ്ങുന്നതിനുള്ള ചെലവ് ഉണ്ടാകാറുണ്ട്. |

സെക്ഷൻ ഓഫീസർ